## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1888** **10.03.2020-ൽ മറുപടിയ്ക്ക്**

## ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ.സി.ജോസഫ്** | **കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി) |
| **എ)** ജനങ്ങളുടെ ആരോഗ്യത്തെ അപകടകരമായി ബാധിക്കുന്ന തരത്തിൽ സംസ്ഥാനത്ത് വ്യാജമരുന്ന് വിൽക്കുന്നവരുടെ ഒരു ശ്രേണി പ്രവർത്തിക്കുന്നുവെന്നതിന്റെ ഗൗരവം പരിശോധിച്ചിട്ടുണ്ടോ; | **എ)** സംസ്ഥാനത്തെ ചില മരുന്ന് വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവും അധികം ചിലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വില്പന ശൃംഖല വഴി വാങ്ങുന്നതിന് പകരം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നതായി വിവരം ലഭിക്കുകയും ഇതേപറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, GST നിലവിൽ വന്നതിനെ തുടർന്നാണ് ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് സാഹചര്യമുണ്ടായതെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഇത്തരത്തിൽ സംസ്ഥാനത്ത് എത്തുന്ന മരുന്നുകളുടെ നിജസ്ഥിതി അറിയുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ, ഗുണനിലവാര പരിശോധനയ്ക്കായി മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ചിട്ടുണ്ട് |
| **ബി)** ഗുണമേന്മ കുറഞ്ഞതും അനധികൃതവുമായ മരുന്നുകളുടെ ശേഖരം അടുത്ത കാലത്ത് സംസ്ഥാനത്ത് നിന്നും പിടിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിൽ നിന്നാണെന്ന് വ്യക്തമാക്കാമോ; | **ബി)** സംസ്ഥാനത്തെ ചില മരുന്ന് വിതരണക്കാർ, പ്രമുഖ മരുന്ന് കമ്പനികളുടെ ഏറ്റവും അധികം ചിലവുള്ള മരുന്നുകൾ ടി കമ്പനികളുടെ അംഗീകൃത വില്പന ശൃംഖല വഴി വാങ്ങുന്നതിന് പകരം, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നതായി വിവരം ലഭിക്കുകയും ഇതേപറ്റി സംസ്ഥാന ഡ്രഗ്സ് കൺട്രോളർ, അന്വേഷണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ, GST നിലവിൽ വന്നതിനെ തുടർന്നാണ് ഇത്തരത്തിൽ ഇതര സംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങുന്നതിന് സാഹചര്യമുണ്ടായതെന്നാണ് മനസ്സിലായത്. കമ്പനികളുടെ സംസ്ഥാനത്തെ അംഗീകൃത |

വിതരണക്കാരിൽ നിന്നല്ലാതെ ഇതര സംസ്ഥാനങ്ങളിൽ നിന്ന് ഇതേ മരുന്നുകൾ നേരിട്ട് വാങ്ങുന്നത് വഴി കൂടുതൽ ആനുകൂല്യങ്ങളും കിഴിവുകളും പ്രസ്തുത വ്യാപാരികൾ വാഗ്ദാനം ചെയ്യുന്നതിനാലാവാം ഇത്തരം വ്യാപാരങ്ങൾക്ക് മുതിരുന്നുവെന്നത് പ്രാഥമിക അന്വേഷണത്തിൽ വെളിവാക്കപ്പെട്ടിട്ടുള്ളത്. എന്നാൽ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് മരുന്നുകൾ നേരിട്ട് വാങ്ങരുതെന്ന് നിയമത്തിൽ നിഷ്കർഷിക്കാത്തതിനാൽ ഇത് നിയമലംഘനവുമല്ല. ഈ അവസരം മുതലെടുത്ത് വ്യാജമരുന്നുകളും ഗുണനിലവാരമില്ലാത്ത മരുന്നുകളും വിപണിയിൽ എത്തുവാൻ സാധ്യതകാണുന്നു. ഇത്തരത്തിലുള്ള മരുന്ന് വിപണനം സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യത്തേയും, ജീവനേയും ഗുരുതരമായി ബാധിക്കുമെന്നതിനാൽ, പൊതുജനാരോഗ്യ താൽപര്യാർത്ഥം സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പ് വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തി, പ്രമുഖകമ്പനികളുടെ ഏറ്റവും വേഗത്തിൽ ചിലവാകുന്ന മരുന്നുകൾ സംസ്ഥാനത്ത് ലഭ്യമായിട്ടും, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങുന്നത് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ തുടർ വിപണനം നിർത്തിവെച്ച് ഇതിന്റെ ആധികാരികത ഉറപ്പ് വരുത്തുന്നതിന് ഇതര സംസ്ഥാന വ്യാപാരികളിൽ നിന്ന് രേഖകൾ ആവശ്യപ്പെട്ടിട്ടുണ്ട്. അവ ലഭ്യമാകുമ്പോൾ ബന്ധപ്പെട്ട ഡ്രഗ്സ് കൺട്രോൾ അധികാരികളോടും മരുന്ന് നിർമ്മാതാക്കളോടും പ്രസ്തുത രേഖകളുടെ ആധികാരികത ഉറപ്പാക്കാൻ ആവശ്യപ്പെടുകയും, മറുപടികൾ ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതുമാണ്. ഗുണനിലവാര പരിശോധനയ്ക്കായി മരുന്ന് സംഭരണ കേന്ദ്രങ്ങളിൽ നിന്ന് സാമ്പിളുകൾ ശേഖരിക്കുന്നുണ്ട്. പരിശോധന ഫലങ്ങളുടെയും, രേഖകളുടെയും അടിസ്ഥാനത്തിൽ, മരുന്നുകൾ വ്യാജമാണെന്ന് കാണുന്ന പക്ഷം, നിയമത്തിൽ നിഷ്കർഷിക്കുന്ന നടപടികൾ

ഡ്രഗ്സ് കൺട്രോൾ വകുപ്പ് സ്വീകരിക്കുന്നതാണ്.

**സി)** ഇത്തരം അപകടകരമായ വ്യാജ മരുന്നുകളുടെ വില്പന നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും സംസ്ഥാനത്ത് ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് ആവശ്യമായ സംവിധാനങ്ങളും ഉദ്യോഗസ്ഥരുമുണ്ടോ; വിശദമാക്കുമോ;

**ഡി)** സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോൾ വിഭാഗത്തെ ശക്തിപ്പെടുത്തി വ്യാജമരുന്നുകളുടെ വരവും വില്പനയും നിയന്ത്രിക്കുന്നതിന് അടിയന്തര ഇടപെടലുകൾ നടത്തുമോയെന്ന് വ്യക്തമാക്കാമോ?

**സി) യും ഡി) യും** എൻഫോഴ്സ്മെന്റ് വിഭാഗത്തിൽ 47 ഡ്രഗ്സ് ഇൻസ്പെക്ടർമാർ നിലവിലുണ്ട്. ഇവരുടെ മേൽനോട്ടത്തിനായി ഏഴ് അസിസ്റ്റന്റ് ഡ്രഗ്സ് കൺട്രോളർമാരും രണ്ട് ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർമാരുമാണുള്ളത്. ടി ഉദ്യോഗസ്ഥരുടെ സേവനം നല്ലരീതിയിൽ വിനിയോഗിച്ച് വ്യാജ മരുന്നുകളുടെ വില്പന നിരീക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുന്നതിനും സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന് സാധിക്കുന്നുണ്ട്.

സെക്ഷൻ ഓഫീസർ